# പ്രത്യാശയുടെ പ്രതീകമായ വിഷു

പൂരങ്ങളുടെയും ഉത്സവങ്ങളുടെയും മേളത്തിമിർപ്പ് ആണ് മീനമാസത്തിൽ. മീനം കടന്നു പോകവേ മേടത്തിന്റെ രംഗപ്രവേശം. സൂര്യൻ മീനം രാശിയിൽ നിന്നും മേടം രാശിയിലേക്ക് പ്രവേശിക്കുന്നു. മേടം ഒന്ന്- പകലും രാത്രിയും തുല്യമാകുന്ന ദിനം - വിഷുവം. തിരുവോണം കഴിഞ്ഞാൽ മലയാളികൾ ഏറ്റവും പ്രാധാന്യം നൽകുന്ന ആഘോഷമാണ് വിഷു. ശാന്തിയുടെയും സമാധാനത്തിന്റെയും സമൃദ്ധിയുടെയും ആഘോഷം. നമ്മുടെ ആഘോഷങ്ങളെല്ലാം കാർഷികസംസ്കൃതി സമ്മാനിച്ചവയത്രേ. കൃഷി ജീവിതരീതിയും സംസ്കാരവുമായിരുന്ന ഒരു കാലത്തിന്റെ ശേഷിപ്പുകൾ. ഇന്ന് നഗരകേന്ദ്രിതമായ ജീവിതത്തിരക്കിൽ പെട്ടുപോകുമ്പോഴും ഗ്രാമീണനന്മയുടെ സാന്ദ്രമായ അനുഭവമായി, പ്രത്യാശ നിറച്ചുകൊണ്ട് കടന്നെത്തുന്നു ഒരു വിഷുക്കാലം കൂടി.

വിഷുവിന്റെ ദേവൻ ശ്രീകൃഷ്ണനാണ്. ശ്രീകൃഷ്ണൻ അസുരരാജാവായ നരകാസുരനെ നിഗ്രഹിച്ച സുദിനത്തിന്റെ സ്മരണയാണ് വിഷുവെന്ന് ഐതിഹ്യം. തിന്മയുടെ മേൽ നന്മയുടെ വിജയം. എന്നും എപ്പോഴും ആബാലവൃദ്ധം ജനങ്ങൾക്കും ആനന്ദകാരകനായ ശ്രീകൃഷ്ണ പരമാത്മാവ് വിഷുവിന്റെ ദൈവമാകുന്നത് ചേതോഹരം. വിഷുനാളിൽ ശ്രീകൃഷ്ണ വിഗ്രഹത്തിനു മുൻപിൽ ഓട്ടുരുളിയിൽ നെല്ലും നാളികേരവും പുടവയും കണ്ണാടിയും കണിക്കൊന്നപ്പൂവും കാർഷികവിഭവങ്ങളും കൊണ്ട് കണിയൊരുക്കുന്നു കുടുംബിനികൾ. ഒരു വർഷത്തെ അധ്വാനത്തിന്റെ ഫലമായ വിഭവങ്ങൾ, എല്ലാ സമൃദ്ധിയും ഈശ്വരകൃപ എന്നു നിനച്ച് ഭഗവാനു മുൻപിൽ സമർപ്പിച്ചു വിനീതരാകുന്നു. വിഷുപ്പുലർച്ചെ, ഏഴു തിരിയിട്ടു തെളിയിച്ച നിലവിളക്കിന്റെ സുവർണ്ണപ്രഭയിൽ കണികണ്ടുണരുന്നു കുടുംബാംഗങ്ങൾ. വരും വർഷം ഐശ്വര്യപ്രദമാകട്ടെ എന്ന പ്രാർത്ഥനയാണ് കണിദർശനം.

അധ്വാനത്തിലൂടെ ജീവിതമാർഗം കണ്ടെത്തുക, സർവവും ഈശ്വരാർപ്പണമായി കണ്ട് പ്രത്യാശയോടെ വരുംനാളുകളെ സമീപിക്കുക, നിഷ്ഠയോടെയുള്ള ജീവിതചര്യ കൈമോശം വരാതെ സൂക്ഷിക്കുക - നമ്മുടെ പൂർവികർ പിന്തുടർന്ന മൂല്യങ്ങളുടെ മഹിമ വെളിവാക്കുന്നു വിഷുക്കാലം.

കണിദർശനം കഴിഞ്ഞാൽ കുടുംബത്തിലെ മുതിർന്ന അംഗം മറ്റുള്ളവർക്ക് കൈനീട്ടം നൽകുന്നു. കൈനീട്ടത്തിന്റെ മൂല്യം, നൽകുന്ന തുകയുടെ വലുപ്പത്തിലല്ല. ഇളംമുറക്കാർ വരും നാളുകളിൽ സമ്പൽസമൃദ്ധിയോടെ കഴിയാനിടവരട്ടെ എന്ന ആശിസ്സാണ് ഓരോ കൈനീട്ടവും. ഇളംമുറക്കാർക്കാകട്ടെ അത് മുതിർന്നവരോടുള്ള, കണ്ണിയറ്റു പോകാത്ത പൈതൃകത്തോടുള്ള, ആദരവിന്റെ - ഗുരുത്വത്തിന്റെ - നേരനുഭവവുമാണ്. ജീവിതത്തെ ഭദ്രമാക്കുവാൻ കൈമോശം വരാതെ സൂക്ഷിക്കേണ്ട മൂല്യങ്ങൾ കാലങ്ങളായി കൈമാറി വന്നത് ഇത്തരം ആചാരാനുഷ്ഠാനങ്ങളിലൂടെയാണ്.

ഗ്രീഷ്മ ഋതുവിൽ, വേനലിൽ സസ്യലതാദികൾ വരണ്ടുണങ്ങുമ്പോൾ ഒരേയൊരു വൃക്ഷം കനകത്തൊങ്ങലുകൾ വാരിച്ചുറ്റി നിൽക്കുന്ന കാഴ്ച വിഷുക്കാലത്തിന്റെ ഹൃദയഹാരിയായ മുദ്രയത്രേ. ചുട്ടുപഴുക്കുന്ന വേനലിന്റെ പാരുഷ്യത്തിലും വസന്തം തീർക്കുന്ന കർണികാരം, കടന്നെത്തുന്ന വേനലുകളിൽ പതറാതെ പടർന്നു പന്തലിക്കുവാൻ നമുക്കും പ്രേരണയാകുന്നു.. പ്രത്യാശയാകുന്നു...! എല്ലാവർക്കും ഹൃദയം നിറഞ്ഞ വിഷു ആശംസകൾ..!